**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1839**
**16.02.2016 ലെ മറുപടിക്ക്**

**10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം. | | ഉത്തരം. |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. ഉമ്മൻ ചാണ്ടി,<br>ബഹു. മുഖ്യമന്ത്രി |
| (എ) | 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്തെല്ലാം ഭേദഗതികളോടെയാണ് സർക്കാർ പാസ്സാക്കിയിട്ടുള്ളത് ; കമ്മീഷൻ ശിപാർശ ചെയ്ത ഏതെങ്കിലും സ്കെയിലുകൾ കുറയ്ക്കുകയോ, ഏതിലെങ്കിലും വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളുടെ മിനിമം പുനർ നിർണ്ണയിച്ചു. മാസ്റ്റർ സ്കെയിലിന്റെ മിനിമം 17000 എന്ന് ശിപാർശ ചെയ്തത് 16500 ആക്കി പുനർനിർണ്ണയിച്ചു. എന്നാൽ ഇൻക്രിമെന്റ് നിരക്കിലും പരിഷ്കരിച്ച മാസ്റ്റർ സ്കെയിലിന്റെ പരമാവധിയിലും വ്യത്യാസം വരുത്തിയിട്ടില്ല. പത്താം ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത ശമ്പളസ്കെയിൽ വർദ്ധനവ് 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി ഒരു തലമാക്കി നിജപ്പെടുത്തി.ഇത്തരം കേസുകളിൽ ശമ്പളസ്കെയിൽ വർദ്ധനവും റേഷ്യോ വർദ്ധനവും ഒരുമിച്ച് ശുപാർശ ചെയ്തിരുന്നത് ശമ്പളസ്കെയിൽ വർദ്ധനവ് മാത്രമാക്കി പരിമിതപ്പെടുത്തി. എന്നാൽ ശമ്പളസ്കെയിൽ വർദ്ധന മൂലം ഫീഡർ തസ്തികയുടേയും പ്രൊമോഷൻ തസ്തികയുടേയും ശമ്പളസ്കെയിലുകൾ തുല്യമാകുന്ന കേസുകളിൽ ഇപ്രകാരം ശമ്പളസ്കെയിൽ വർദ്ധന അനുവദിച്ചിട്ടില്ല. കൂടാതെ 24040-38840 ഉം അതിനു മുകളിലുമുള്ള ശമ്പള സ്കെയിലുകളിൽ നോർമൽ റിവിഷനു മുകളിൽ വർദ്ധന അനുവദിച്ചിട്ടില്ല. പത്താം ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത മെച്ചപ്പെട്ട റേഷ്യോ പ്രൊമോഷനുകൾ 22360-37940 |

| | | |
|---|---|---|
| | | വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി 1:2 ആയും 24040-38840 ഉം അതിനുമുകളിലുമുള്ള ശമ്പള സ്കെയിലുകളിൽ പരമാവധി 1:3 ആയും നിജപ്പെടുത്തി. കാഷ്വൽ സ്വീപ്പേഴ്സിന്റെ മിനിമം ശമ്പളം കമ്മീഷൻ ശുപാർശ ചെയ്ത 5000 രൂപയിൽ നിന്ന് 6000 രൂപയാക്കി ഉയർത്തി. ചില അലവൻസുകളിൽ നിബന്ധനകൾക്കു വിധേയമായി 10% വാർഷിക വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ശമ്പള കമ്മീഷൻ റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കുവാൻ അനോമലി കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഏതു രീതിയിലാണ് അപാകതകൾ പരിഹരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | പത്താം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിലേക്കായി അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ എന്നു മുതൽ പ്രാബല്യം കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ശമ്പള പരിഷ്കരണ കാലയളവ് സംബന്ധിച്ച് എന്തു തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | ശമ്പളകമ്മീഷൻ റിപ്പോർട്ട് 01.07.2014 പ്രാബല്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ശമ്പളപരിഷ്കരണ കാലയളവ് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല . |

Manjushree

**അക്കൗണ്ട്സ് ഓഫീസർ**